LIBRARY ARCHIVES Kerala Legislative Assembly

സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

305.(1362) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനം സമയബന്ധിതമായി ലഭിക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനുമായി കേരളത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വിജയപ്രദമാണെന്ന് കാണുന്ന പക്ഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർനിർണ്ണയം

306 (1363) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർ നിർണ്ണയിക്കണമെന്നും 2 കിലോമീറ്റർ ചുറ്റളവിലുള്ള പുൽപ്പറ്റ പഞ്ചായത്തിലെ ചെറുപുത്തൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ അതിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലാ കളക്ടറുടെ അഭിപ്രായമടക്കമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം ജില്ലാ രജിസ്ട്രാർക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിരിക്കുകയാണ്.